തീയതി : 27/05/2021

**മൺസൂണിനു മുന്നോടിയായുള്ള ജില്ലയിലെ മഴക്കാല പൂർവ്വ നടപടികൾ വിലയിരുത്തുന്നതിനായി ബഹു. വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി ശ്രീ. വി.ശിവൻ കുട്ടി, ബഹു ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ശ്രീ. ജി. ആർ അനിൽ, ബഹു. ഗതാഗത വകുപ്പ് മന്ത്രി ശ്രീ. ആന്റണി രാജു എന്നിവരുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരം കളക്ടേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് 26/05/2021 ൽ നടന്ന യോഗത്തിന്റെ മിനിറ്റ്സ്**

യോഗം 5.00 PM ന് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ വിവരങ്ങൾ ചുവടെ പ്രത്യേകം ചേർക്കുന്നു.

യോഗത്തിൽ പങ്കെടുത്ത എല്ലാ ജന പ്രതിനിധികളേയും ഉദ്യോഗസ്ഥരെയും ജില്ലാകളക്ടർ സ്വാഗതം ചെയ്തു. കഴിഞ്ഞ ഒന്നര വർഷമായി കോവിഡുമായി ബന്ധപ്പെട്ട പ്രതിരോധ പ്രവർത്തനങ്ങളാണ് പ്രധാനമായും നടന്നു വരുന്നതെന്നും കൂടാതെ കഴിഞ്ഞ 3 വർഷങ്ങളായിട്ട് തുടർച്ചയായി ജില്ലയിലെ തീരപ്രദേശങ്ങളിൽ ഒട്ടുമിക്ക സ്ഥലങ്ങളിലും അതിഗുരുതരമായി കടൽക്ഷോഭം ഉണ്ടാകുന്നതായും , ഇതിനു പുറമെ ജില്ലയിൽ കഴിഞ്ഞ മൂന്നു മാസമായി ശരാശരിയിൽ അധികം മഴ പെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നും ആമുഖമായി ജില്ലാ കളക്ടർ പറഞ്ഞു. ജില്ലയിലെ പ്രധാന നദികളും, കനാലുകളും നഗരത്തിൽ കൂടി കടന്നു പോകുന്നതിനാൽ ശക്തമായ മഴയുണ്ടാകുന്ന സാഹചര്യത്തിൽ നഗരത്തിൽ എല്ലാ വർഷവും വെള്ളപ്പൊക്കം ഉണ്ടാകുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നും അതുകൊണ്ട് കാലവർഷം എത്താൻ ഏതാനും ദിവസങ്ങൾ മാത്രമുള്ളതിനാൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ വകുപ്പുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുന്നതിന് ഉദ്യോഗസ്ഥരോട് ജില്ലാ കളക്ടർ ആരാഞ്ഞു.

**മേജർ ഇറിഗേഷൻ**

മേജർ ഇറിഗേഷന്റെ നിയന്ത്രണത്തിൽ കരമനയാറ്, കിള്ളിയാറ്, തെക്കിനിക്കനാൽ, ആമയിഴഞ്ചൻതോട് എന്നീ നാല് തോടുകളും, രണ്ട് നദികളുമാണ് പ്രധാനമായും നഗരപരിധിയിൽ കൂടി കടന്നു പോകുന്നത്. 22/03/2021 ൽ തിരുവനന്തപുരം നഗരസഭയിൽ നടന്ന മീറ്റിംഗിൽ പഴവങ്ങാടി തോട് തിരുവനന്തപുരം നഗരസഭ വൃത്തിയാക്കുമെന്ന് അറിയിച്ചിരുന്നതും നഗരസഭ അത് വൃത്തിയാക്കിയിട്ടുള്ളതുമാണ്. മറ്റ് തോടുകളിലെ വെള്ളത്തിന്റെ ഒഴുക്കിന് തടസ്സമായിട്ടുള്ള Floating Materials ക്ലീൻ ചെയ്തിട്ടുള്ളതുമാണ്. കൂടാതെ

മേജർ ഇറിഗേഷന്റെ നിയന്ത്രണത്തിലുള്ള വേളി പൊഴിയും പൂന്തുറ പൊഴിയും രണ്ടും ഓപ്പണാണെന്നും, നഗരപരിധിയിലെ വെള്ളപ്പൊക്കത്തിന് ഒരു കാരണം എന്നത് റെയിൽവേയുടെ നിയന്ത്രണത്തിലുള്ള റെയിൽവേ ടണലിൽ ചെറിയരീതിയിൽ മണ്ണ് അടിഞ്ഞത് കാരണമാണെന്നും അത് വലിയ പ്രോജക്ട് ആയിട്ട് ഈ സീസണിൽ ചെയ്യാൻ നിർവ്വാഹമില്ലായെന്നും അടുത്ത സീസണിൽ ഫെബ്രുവരി മാർച്ച് ഏപ്രിലിൽ ടെൻഡർ ചെയ്ത് അനുമതി ലഭ്യമാക്കി ചെയ്യുന്നതാണെന്നും അതിനുപുറമേ തോടുകളിൽ ഉൾക്കൊള്ളാവുന്നതിലും അധികം വെള്ളം PWD Drains-ൽ നിന്നും വരുന്നതും മറ്റൊരു കാരണമായി മേജർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

**<u>മൈനർ ഇറിഗേഷൻ</u>**

പട്ടം തോട്, കുന്നുകുഴി തോട്, നെറ്റിയാർതോട് ഗംഗയാർതോട് എന്നീ പ്രധാന തോടുകളും അതിലേക്ക് വന്നു ചേരുന്ന ചെറിയ കൈത്തോടുകളും അതോടൊപ്പം വെള്ളായണി കായൽ തീരത്ത് പണിതിട്ടുള്ള നാല് പാടശേഖരങ്ങളിലെ dewatering system-വുമാണ് മൈനർ ഇറിഗേഷന് കീഴിൽ വരുന്നതെന്നും മഴക്കാല പൂർവ്വ നടപടികളുടെ ഭാഗമായി ഈ സ്ഥലങ്ങളെല്ലാം സന്ദർശിച്ച് വെള്ളത്തിൽ ഒഴുക്കിന് തടസ്സമാകുന്നതെല്ലാം ക്ലീൻ ചെയ്യുന്നത് സംബന്ധിച്ച് 60% ജോലികളും പൂർത്തീകരിച്ചിട്ടുള്ളതും ബാക്കി ജോലികൾ ജൂൺ 8-ന് മുമ്പ് പൂർത്തിയാക്കുമെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

**<u>ഇൻലാൻഡ് നാവിഗേഷൻ സബ് ഡിവിഷൻ, തിരുവനന്തപുരം</u>**

ഇൻലാന്റ് നാവിഗേഷന് കീഴിലുള്ള പാർവ്വതി പുത്തനാറിൽ കോവളം മുതൽ ആക്കുളം കായൽ വരെയുള്ള ജോലികൾ KWIL (Kerala Water Ways Infrastructuring Limited) നെയാണ് ഏൽപ്പിച്ചിട്ടുള്ളതെനന്നും അവരാണ് ടി പ്രദേശങ്ങളിലെ ക്ലീനിംഗ് drudging ഉം ചെയ്യുന്നതെന്നും വേളി മുതൽ കഠിനംകുളം കായൽ വരെയുള്ള ഭാഗത്ത് നിലവിൽ വെള്ളക്കെട്ട് ഉണ്ടാകുന്നതിന് തക്കതായ സാഹചര്യം നിലവില്ലയെന്നും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതും ഇനി നടത്താൻ പോകുന്നതുമായ ഡ്രഡ്ജിംഗ് ജോലികൾ ബോട്ട് സർവ്വീസിന് വേണ്ടിയാണെന്നും, അതോടൊപ്പം വേളി കായലിലെ റെയിൽവേ പാലത്തിന്റെ കീഴിൽ അടിഞ്ഞു കിടന്നിരുന്ന ചെളിയും കമ്പികളും എല്ലാം മാറ്റിയിട്ടുള്ളതായും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

**<u>തിരുവനന്തപുരം നഗരസഭ</u>**

മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എല്ലാ വകുപ്പുകളേയും ഉൾപ്പെടുത്തി നഗരസഭ 23.04.2021-ന് യോഗം നടത്തിയിരുന്നതായും ഓരോ വകുപ്പുകളും

ചെയ്യേണ്ട ജോലികളെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടാക്കിയതായും തുടർന്ന് നഗരസഭയുടെ അധീനതയിലുള്ള 100 വാർഡുകളിലുമുള്ള നഗരസഭയുടെ ജോലികൾ ലിസ്റ്റ് ഔട്ട് ചെയ്യുകയും ടി ജോലികൾ ചെയ്യുന്നതിന് ഹെൽത്ത് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിരുന്നതും ഏകദേശം 80% ജോലികളും പൂർത്തീകരിച്ചിട്ടുള്ളതും തുടർന്ന് മൂന്ന് പ്രാവശ്യം കൂടി യോഗം കൂടിയിരുന്നതാണെന്നും ടി യോഗങ്ങളിലൊന്നും തന്നെ PWD NH വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥർ ആരും തന്നെ പങ്കെടുത്തിരുന്നില്ല എന്നും നഗരസഭ സെക്രട്ടറി അറിയിച്ചു റെയിൽവേയുടെ ഭാഗത്തുകൂടി കടന്നുപോകുന്ന ആമയിഴഞ്ചാൻ തോടിന്റെ കനാലിൽ മണ്ണ് അടിഞ്ഞതുമൂലം വെള്ളക്കെട്ട് ഉണ്ടാകുന്നതായി മനസ്സിലായതിന്റെ അടിസ്ഥാത്തിൽ അത് ഒഴിവാക്കുന്നതിനായി റെയിൽവേയോട് ആവശ്യപ്പെട്ടുവെങ്കിലും അവരുടെ സഹകരണം ലഭ്യമായിട്ടില്ലാത്തതുമാണ്. ടി ജോലി ചെയ്യാൻ ഇറിഗേഷൻ വകുപ്പ് സമ്മതം അറിയിച്ചെങ്കിലും മഴക്കാലം കഴിഞ്ഞാൽ മാത്രമേ ടി ജോലി ചെയ്യാൻ സാധിക്കുകയുള്ളൂ എന്ന് ഇറിഗേഷൻ അറിയിച്ചതായി കോർപ്പറേഷൻ സെക്രട്ടറി യോഗത്തിൽ പറഞ്ഞു.

**ഡെപ്യൂട്ടി കളക്ടർ (ദുരന്ത നിവാരണം)**

ഇക്കഴിഞ്ഞ മഴയിൽ 84 വീടുകൾ പൂർണ്ണമായും, **1036** വീടുകൾ ഭാഗികമായും തകർന്നതായും നിലവിൽ 16 ക്യാമ്പുകൾ പ്രവർത്തിച്ചു വരുന്നതായും, അതിൽ 1036 പേർ താമസിച്ചു വരുന്നതായും കൂടാതെ കോസ്റ്റൽ പ്രദേശങ്ങളിൽ അതാത് LSGD യുടെ സഹായത്തോടെ 7 ക്യാമ്പുകൾ പ്രവർത്തിച്ചു വരുന്നതായും ഡെപ്യൂട്ടി കളക്ടർ (ദുരന്ത നിവാരണം) അറിയിച്ചു. പ്രകൃതിക്ഷോഭം മൂലം വീടുകൾക്കുണ്ടാകുന്ന നാശനഷ്ടം അതാത് LSGD എഞ്ചിനീയർമാരാണ് കണക്കാക്കുന്നതെന്നും തുടർന്ന് SDRF norms പ്രകാരമുള്ള തുക അതാത് തഹസീൽദാർ മുഖേന സമയബന്ധിതമായി വിതരണം ചെയ്തുവരുന്നതായി ഡെപ്യൂട്ടി കളക്ടർ (ഡി.എം) അറിയിച്ചു. 2018-19 കാലയളവിലെ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് പ്രത്യേക സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദേശം ഉണ്ടായിരുന്നതായും ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ SDRF norms പ്രകാരമുള്ള തുകയ്ക്ക് അധികമായി തുക നൽകാൻ കഴിഞ്ഞിരുന്നുവെന്നും എന്നാൽ നിലവിൽ ഇത് സംബന്ധിച്ച് മറ്റ് ഉത്തരവുകൾ ലഭ്യമായിട്ടില്ലാത്തതിനാൽ SDRF norms പ്രകാരമുള്ള തുക മാത്രമേ നൽകാൻ നിർവ്വാഹമുള്ളൂ എന്നും ഡെപ്യൂട്ടി കളക്ടർ (ഡി.എം) അറിയിച്ചു.

**PWD Roads Subdivision (City), തിരുവനന്തപുരം**

തിരുവനന്തപുരം നഗരത്തിൽ റോഡ്സ് സബ്ഡിവിഷൻ (സിറ്റി) കീഴിലുള്ള പ്രധാന റോഡുകളായ അട്ടക്കുളങ്ങര - തിരുവല്ലം റോഡ്& അട്ടക്കുളങ്ങര - കിള്ളിപ്പാലം റോഡിലുമാണ്

എറ്റവുമധികം വെള്ളക്കെട്ട് കാണുന്നത് എന്നും അതിൽതന്നെ അട്ടക്കുളങ്ങര തിരുവല്ലം റോഡിലെ കല്ലാട്ടുമുക്ക് ജംഗ്ഷനിലാണ് അതിരൂക്ഷമായ വെള്ളക്കെട്ട് കാണുന്നതെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. അതിന് പ്രധാന കാരണം ടി റോഡിന്റെ ഇരുവശങ്ങളിലുമുള്ള കോർപ്പറേഷൻ റോഡുകൾ പുനരുദ്ധീകരിച്ചപ്പോൾ റോഡിന്റെ സ്ലോപ്പ് പി.ഡബ്ല്യൂ.ഡി റോഡിലേക്ക് വിട്ടതിനാലും അതോടൊപ്പം ഒരു കിലോമീറ്റർ നീളം വരുന്ന അട്ടക്കുളങ്ങര - കല്ലാട്ടുമുക്ക് റോഡിന്റെ ഇരുവശങ്ങളിലും ഓട ഇല്ലാത്തതിനാലും, ഈ റോഡ് ഒരേ ലെവലിൽ കിടക്കുന്നതിനാലുമാണ് ഇപ്രകാരം വെള്ളക്കെട്ട് രൂക്ഷമായി വരുന്നത്. പതിനഞ്ച് വർഷങ്ങൾക്കുമുമ്പ് റോഡിന്റെ ഇരുവശങ്ങളിലും KSUDP പ്രോജക്ടിന്റെ ഭാഗമായിട്ട് ഒന്നര മീറ്ററോളം താഴ്ച്ചയുള്ള കോൺക്രീറ്റ് പൈപ്പുകൾ സ്ഥാപിച്ചിരുന്നതും ടി പൈപ്പ് വഴിയാണ് ടി റോഡിലെ വെള്ളം ഒരു കിലോമീറ്റർ ദൂരമുള്ള ഇറിഗേഷന്റെ തോടിലേക്ക് പോകുന്നത്. എന്നാൽ ഈ പറയുന്ന കോൺക്രീറ്റ് പൈപ്പുകൾ പല സ്ഥലങ്ങളിലും അടഞ്ഞാണ് കിടക്കുന്നതെന്നും അത് പരിപൂർണ്ണമായ രീതിയിൽ വൃത്തിയാക്കാൻ നിലവിൽ നിർവ്വാഹമില്ല എന്നും ശാശ്വത പരിഹാരം എന്ന നിലയിൽ ഇരുവശങ്ങളിലും വീതികൂടിയ ഓടകൾ പണിത് പരിഹാരം കാണാവുന്നതായും ആയതിന്റെ അനുമതിക്കായി ഏഴര കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. .

അട്ടക്കുളങ്ങര കിള്ളിപ്പാലം റോഡിൽ എസ്.കെ.പി. ടിംബേഴ്സിന് മുൻവശത്ത് മഴക്കാലങ്ങളിൽ വെള്ളക്കെട്ട് കാണപ്പെടുന്നതിന് പ്രധാനകാരണം സമീപത്തുള്ള കിള്ളിയാറിൽ നിന്നും reverse flow ഉണ്ടായി അടുത്തുള്ള പി.ഡബ്ല്യൂ.ഡി / കോർപ്പറേഷൻ റോഡിൽ വെള്ളം നിറയുന്നതിനാലാണെന്നും ആയതിനാൽ മഴ കഴിഞ്ഞ് ഒരു മണിക്കൂറിനുള്ളിൽ തന്നെ കിള്ളിയാറിലെ വെള്ളം വാർന്നുപോകുന്നതിന്റെ അടിസ്ഥാനത്തിൽ ടി വെള്ളക്കെട്ട് മാറുന്നതാണെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു

പി.ഡബ്ല്യൂ.ഡി റോഡ്സ് സബ്ഡിവിഷന്റെ കീഴിൽ വരുന്ന എല്ലാ മണ്ഡലങ്ങളിലും മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായുള്ള ജോലികൾ ചെയ്യുന്നതിന് ചീഫ് എഞ്ചിനീയർ administrative sanction നൽകിയിട്ടുള്ളതും ഓരോ മണ്ഡലത്തിലും ശരാശരി 10 മുതൽ 12 ലക്ഷം വരെ തുക അനുവദിച്ചിട്ടുള്ളതും ടി ജോലികളുടെ ടെൻഡർ നടപടികൾ നടന്നുവരുന്നതായും രണ്ട് ആഴ്ചയ്ക്കുള്ളിൽ തന്നെ ജോലികൾ പരിപൂർണ്ണമായി പൂർത്തിയാക്കാൻ കഴിയുമെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

## PWD Roads Subdivision, തിരുവനന്തപുരം

മൺസൂണിനു മുന്നോടിയായുള്ള നടപടികളുമായി ബന്ധപ്പെട്ട് ഒൻപത് വർക്കുകൾ (drain clearance, slab casting etc.) ടെൻഡറിംഗ് നടപടികളിലാണെന്നും ടി നടപടികൾ ഇന്നുതന്നെ പൂർത്തിയാകുമെന്നും തുടർ അടിയന്തിരമായി ജോലികൾ പരിപൂർണ്ണമായും പൂർത്തിയാക്കാൻ കഴിയുമെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു

## PWD NH

നഗരപരിധിയിൽ കൂടി കടന്നുപോകുന്ന എൻ.എച്ച് റോഡുകളിൽ വെള്ളം കെട്ടി നിൽക്കുന്ന അവസ്ഥ നിലവിൽ ഇല്ലായെന്നും, കരമന പാലത്തിനടുത്ത് ഉണ്ടായിരുന്ന വെള്ളക്കെട്ട് പരിഹരിച്ചതായും, കൂടാതെ മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾക്കുള്ള അനുമതി ലഭിക്കേണ്ടത് N.H.A.I-ൽ നിന്നാണെന്നും അവർ ഇന്നുതന്നെ administrative sanction നൽകാമെന്ന് അറിയിച്ചുള്ളതായും administrative sanction കിട്ടിയാൽ ഉടൻ ടെൻഡർ നടപടികൾ സ്വീകരിച്ച് ഉടനടി ജോലികൾ ആരംഭിക്കുന്നതാണെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

## TRDCL

സിറ്റി റോഡിൽ TRDCL-ന് കീഴിൽ 45 കിലോമീറ്റർ റോഡ് വർക്ക് ചെയ്തതായും ഇപ്പോൾ operation & maintaince stage-ൽ ആണെന്നും കൃത്യമായ രീതിയിൽ ഡ്രയിൻ ക്ലീനിംഗ് നടത്തിവരുന്നതായും, സ്മാർട്ട്സിറ്റി റോഡുകളുമായി ബന്ധപ്പെട്ട് 37 കിലോമീറ്റർ റോഡ് വർക്ക് ചെയ്തതായും ടി റോഡിലും ഡ്രയിൻ ക്ലീനിംഗ് നടത്തിയതായും ഡെപ്യൂട്ടി മാനേജർ അറിയിച്ചു. കൂടാതെ മരം വീഴുന്നത് ക്ലിയർ ചെയ്യാനും, തമ്പാനൂരിലെ പൊന്നറ ശ്രീധരൻ പാർക്കിന് ചുറ്റുമുള്ള ഡ്രെയിൻ ക്ലീൻ ചെയ്യുന്നതിനും ആർ.എം.എസ് ജംഗ്ഷനിലെ ഡ്രയിൻ ക്ലീൻ ചെയ്യുന്നതിനും third agency എന്ന രീതിയിൽ emegency response team-നെ നിയമിച്ചിട്ടുള്ളതും അവർ ടി ജോലികൾ ചെയ്തുവരുന്നതായും ഡെപ്യൂട്ടി മാനേജർ അറിയിച്ചു

## കേരളാ വാട്ടർ അതോറിറ്റി (സ്വീവറേജ്)

സാധാരണ ഗതിയിൽ മഴ സമയത്ത് മാത്രമാണ് റോഡുകളിലെ മാൻഹോളുകളിൽ നിന്നും ഓവർഫ്ലോ ഉണ്ടാകാറുള്ളൂ എന്നും ആയത് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും, എല്ലാ ഉദ്യോഗസ്ഥരോടും വിജിലന്റ് ആയിരിക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതായും എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

**ഫയർ & റെസ്ക്യൂ**

ടി വകുപ്പിന്റെ കീഴിലുള്ള എല്ലാ ഉപകരണങ്ങളും പ്രവർത്തന സജ്ജമാണെന്നും ജില്ലയിൽ കൃത്യമായി പെട്രോളിംഗ് നടത്തിവരുന്നതായും ഡിവിഷണൽ ഫയർഫോഴ്സ് ഓഫീസർ അറിയിച്ചു.

**ബഹു. വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി ശ്രീ. വി. ശിവൻകുട്ടി യോഗത്തിൽ പറഞ്ഞ നിർദ്ദേശങ്ങൾ**

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളിൽ മുന്നണി പോരാളികളായി ജില്ലാ ഭരണകൂടവും മറ്റ് വകുപ്പുകളും ജനപ്രതിനിധികളും പ്രവർത്തിച്ചുവരുന്ന സാഹചര്യത്തിലാണ് പേമാരി വന്നതെന്ന് ബഹു. മന്ത്രി അറിയിച്ചു. മൺസൂണിന് മുന്നോടിയായി വകുപ്പുകൾ സ്വീകരിച്ച നടപടി വിവരം കേട്ടതിൽ എല്ലാം ശാന്തമാണെന്ന തോന്നുമെങ്കിലും ഒരു മഴ പെയ്താൽ നഗരം ഭീതിജനകമായ അവസ്ഥയിൽ മാറുന്ന സാഹചര്യമാണെന്നും ബഹു. മന്ത്രി അറിയിച്ചു.

- വെള്ളം കെട്ടുന്ന സ്ഥലങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നേരിൽ പരിശോധിക്കണമെന്നും അത് പരിഹരിക്കുന്നതിന് short term project-കൾ സമർപ്പിക്കുന്നതിനും ശാശ്വത പരിഹാരത്തിനുള്ള long term project-കൾ പിന്നീട് സമർപ്പിക്കുന്നതിനും ബഹു. മന്ത്രി നിർദ്ദേശിച്ചു.
- ഇക്കഴിഞ്ഞ മഴക്കാലങ്ങളിൽ Fire & Rescue നടത്തിയിരുന്ന രക്ഷാപ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണെന്ന് പ്രത്യേകമായി ബഹു. മന്ത്രി പരാമർശിച്ചു.
- തിരുവനന്തപുരം നഗരസഭയുടെ പരിധിയിലുള്ള സ്ഥലങ്ങളിൽ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് Fire & Rescue വകുപ്പിനെ ആശ്രയിക്കേണ്ട ആവശ്യകത ഇല്ലായെന്നും അത് നഗരസഭ തന്നെ നിറവേറ്റണമെന്നും അതിനാവശ്യമായുള്ള Fire & Rescue ഉപകരണങ്ങൾ നഗരസഭ വാങ്ങണമെന്നും ബഹു. മന്ത്രി നിർദ്ദേശിച്ചു.
- മേൽനിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനും ആവശ്യമായ Fire & Rescue ഉപകരണങ്ങൾ വാങ്ങുന്നതിന് ജില്ലാ പഞ്ചായത്തിനോട് ബഹു. മന്ത്രി ആവശ്യപ്പെട്ടു.
- പ്രകൃതിക്ഷോഭത്തിൽ വീട് / കൃഷി എന്നിവ നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരം നൽകുന്ന നടപടി ഫയലുകളിൽ കാലതാമസം ഉണ്ടാകുവാൻ പാടുള്ളതല്ല എന്ന് പ്രത്യേകം അറിയിച്ചു.

- നഗരത്തിലെ പല റോഡുകളിലെ മാൻഹോളിൽ നിന്നും വെള്ളം ഒരാൾപ്പൊക്കത്തിൽ പുറത്തുവരുന്നതായി കാണുന്നതായും ആയത് അടിയന്തിരമായി പരിശോധിക്കുന്നതിനും KWA Severage ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചു.
- എല്ലാ വകുപ്പുകളും അടിയന്തിരമായി കൺട്രോൾ റൂം ആരംഭിക്കുന്നതിനും പൊതുജനങ്ങളെ അറിയിക്കുന്നതിലേക്കായി ടി നമ്പർ പ്രസിദ്ധപ്പെടുത്തുന്നതിനും ഉദ്യോഗസ്ഥരോട് ബഹു. മന്ത്രി നിർദ്ദേശം നൽകി

**<u>ബഹു. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ശ്രീ. ജി.ആർ അനിൽ യോഗത്തിൽ പറഞ്ഞ നിർദ്ദേശങ്ങൾ</u>**

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള ഉദ്യോഗസ്ഥരുടെ റിപ്പോർട്ടുകൾ കേട്ടതിൽ യാതൊരുവിധ പ്രശ്നങ്ങളും ഇല്ല എന്നാണെങ്കിലും യാഥാർത്ഥ്യം തിരിച്ചാണെന്ന് ബഹു. മന്ത്രി പറഞ്ഞു. ബാലരാമപുരം, കരമന, പ്രാവച്ചമ്പലം എന്നീ സ്ഥലങ്ങളിലെ അശാസ്ത്രീയ റോഡ് നിർമ്മാണം കാരണം 15-ഓളം വീട്ടുകാർക്ക് ചുറ്റുമതിൽ നഷ്ടപ്പെട്ടതായി ബഹു. മന്ത്രി പറഞ്ഞു.

- പല സ്ഥലങ്ങളിലേയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മന്ത്രിമാർ എത്തുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എത്തുന്നുണ്ടെങ്കിലും മന്ത്രി തിരികെ പോകുന്നതിന് പുറമേ മന്ത്രിയുടെ നിർദ്ദേശപ്രകാരമുള്ള ജോലികൾ നിറവേറ്റാതെ ഉദ്യോഗസ്ഥർ മടങ്ങിപോകുന്ന സാഹചര്യം കാണുന്നതായി ബഹു. മന്ത്രി പറഞ്ഞു.
- ജില്ലയിൽ പല സ്ഥലങ്ങളിലും മരങ്ങൾ അപകടകരമായ അവസ്ഥയിലാണ് സ്ഥിതിചെയ്യുന്നതെന്നും നിലവിൽ മഴയെക്കാളും കൂടുതൽ കാറ്റ് അടിക്കുന്നതിനാൽ ടി വിഷയത്തിൽ ഉദ്യോഗസ്ഥർ അതീവ ജാഗ്രത നൽകുന്നതിനും അതോടൊപ്പം ഉദ്യോഗസ്ഥർ അവരുടെ ഉത്തരവാദിത്വമുള്ള ജോലികൾ അടിയന്തിരമായി ചെയ്യുന്നതിനും കൂടാതെ റവന്യൂ ഉദ്യോഗസ്ഥർ വിഷയങ്ങളിൽ കുറച്ചുകൂടി ഗൗരവമായി ഏർപ്പെടുന്നതിനും ബഹു. മന്ത്രി നിർദ്ദേശിച്ചു.

**<u>ബഹു. ഗതാഗത വകുപ്പ് മന്ത്രി ശ്രീ. ആന്റണി രാജു യോഗത്തിൽ പറഞ്ഞ നിർദ്ദേശങ്ങൾ</u>**

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ മഴക്കാല പൂർവ്വ ജോലികൾ ചെയ്യുന്നതിന് പരിധികൾ ഉണ്ടെന്ന് അറിയാമെന്നും എന്നാൽ കാലവർഷം എത്താൻ ഇനി ഒരാഴ്ച മാത്രമാണ് ഉള്ളതെന്നും ആമുഖമായി ബഹു. മന്ത്രി പറഞ്ഞു. കോടിക്കണക്കിന് രൂപ ചെലവാക്കിയിട്ടും

ഇപ്പോഴും തമ്പാനൂരിൽ വെള്ളക്കെട്ട് ഉണ്ടാകുന്നത് ലജ്ജാകരമാണെന്നും ടി തുക ചെലവാക്കിയത് ഒരു ഗുണവും ഇല്ലാതായെന്നും ബഹു. മന്ത്രി അറിയിച്ചു.

- ശക്തമായ മഴയുണ്ടാകുമ്പോൾ വീട്ടുകളിൽ നാല്, അഞ്ച് അടി പൊക്കത്തിൽ വെള്ളക്കെട്ട് ഉണ്ടാകുന്നുവെന്നും ജനങ്ങൾക്ക് പുറത്ത് ഇറങ്ങാൻ കഴിയാത്ത സാഹചര്യമാണെന്നും വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി എല്ലാ വർഷവും സർക്കാർ തുക ചെലവാക്കുന്നുണ്ടെങ്കിലും അതിന് പരിഹാരം ഉണ്ടാകാത്തത് ശരിയായ രീതിയായി ഇനിയും കാണാൻ സാധിക്കില്ല എന്നും എല്ലാ ജോലികൾക്കും അക്കൊണ്ടബിലിറ്റി വേണമെന്നും ബഹു. മന്ത്രി നിർദ്ദേശിച്ചു.
- നഗരത്തിലെ പല വീട്ടുകളിലും സീവറേജ് ലൈനിൽ നിന്നും ഓവർഫ്ലോ ആയിട്ടും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തിരിഞ്ഞ് നോക്കാത്തത് വളരെ ഗൗരവമായി കാണുന്നുവെന്നും, ഇത്തരം വിഷയങ്ങൾ ആവർത്തിക്കരുതെന്നും ബഹു. മന്ത്രി നിർദ്ദേശിച്ചു.
- അപകടകരമായ മരങ്ങൾ എത്രയും വേഗം മുറിച്ചുമാറ്റുന്നതിനും അതോടൊപ്പം നഷ്ടപരിഹാരം നൽകുന്ന ലിസ്റ്റ് സുതാര്യമാകണമെന്നും നടപടി സമയബന്ധിതമായിരിക്കണമെന്നും മേൽ നിർദ്ദേശങ്ങളിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ആത്മാർഥമായ പരിശ്രമം വേണമെന്നും ബഹു. മന്ത്രി നിർദ്ദേശിച്ചു.

**ആരാധ്യയായ മേയർ ആര്യ രാജേന്ദ്രൻ**

കോവിഡ് എന്ന മഹാമാരിയുടെ കൂടെ പ്രളയം കൂടി കടന്നുവരുമ്പോൾ അത് പൊതുജനങ്ങൾക്ക് വളരെയധികം പരിഭ്രമം ഉണ്ടാകാൻ സാദ്ധ്യതയുള്ളതായി ആമുഖമായി ബഹു. മേയർ അറിയിച്ചു. മൺസൂണിന് മുന്നോടിയായുള്ള മഴക്കാല നടപടികൾ സംബന്ധിച്ച് തിരുവനന്തപുരം നഗരസഭയുടെ നേതൃത്വത്തിൽ കൺട്രോൾ റൂം രൂപീകരിച്ചിട്ടുള്ളതും, സ്പെഷ്യൽ ടീമിനെ നിയോഗിച്ചിട്ടുള്ളതും, എല്ലാ വകുപ്പ് ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തിയുള്ള ആദ്യ യോഗം 23.04.2021-നും തുടർന്ന് നാല് യോഗം നടത്തിയിരുന്നതായും നഗരസഭയുടെ ജോലികൾ പ്രത്യേകമായി ഡോക്യുമെന്റ് ചെയ്ത് പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതാണെന്നും കൂടാതെ മറ്റ് വകുപ്പ് ഉദ്യോഗസ്ഥരുമായി ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തിയിട്ടുള്ളതായും ആരാധ്യയായ മേയർ അറിയിച്ചു

**ബഹു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സുരേഷ് കുമാർ**

മൺസൂണിന് മുന്നോടിയായുള്ള മഴക്കാല ശുചീകരണ നടപടികൾ സംബന്ധിച്ച് ഒരു യോഗം ജില്ലാ പഞ്ചായത്തിൽ കൂടിയിരുന്നതായും കൂടാതെ ഫയർ & റസ്ക്യൂ ഉപകരണങ്ങൾ അടിയന്തിരമായി വാങ്ങുന്നതാണെന്നും ബഹു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചു.

ബഹു. മന്ത്രിമാർ നൽകിയ നിർദ്ദേശങ്ങൾ അടിയന്തിരമായി നടപ്പിലാക്കുന്നതിനും അതോടൊപ്പം എല്ലാ ഉദ്യോഗസ്ഥരും അവരുടെ ജോലികളിൽ വ്യക്തമായ ലീഡർഷിപ്പ് നൽകണമെന്നും കൂടാതെ ഓരോ വകുപ്പും ആരംഭിക്കുന്ന കൺട്രോൾ റൂമുകളുടെ നമ്പർ ജില്ലാ ഭരണകൂടത്തെ കൂടി അറിയിക്കുന്നതിനും ജില്ലാ കളക്ടർ നിർദ്ദേശം നൽകി.

യോഗനടപടികൾ 6.30 P.M.ന് അവസാനിച്ചു.

(ഒപ്പ്)
**ജില്ലാ കളക്ടർ & ചെയർപേഴ്സൺ**
**ജില്ലാ ദുരന്തനിവാരണ അതോറിട്ടി, തിരുവനന്തപുരം**

1. പ്രൈവറ്റ് സെക്രട്ടറി, ബഹു. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ശ്രീ. ജി ആർ അനിൽ
2. പ്രൈവറ്റ് സെക്രട്ടറി, ബഹു. വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി ശ്രീ. ശിവൻകുട്ടി
3. പ്രൈവറ്റ് സെക്രട്ടറി, ബഹു. ഗതാഗത വകുപ്പ് മന്ത്രി ശ്രീ. ആന്റണി രാജു
4. സബ് കളക്ടർ, തിരുവനന്തപുരം/നെടുമങ്ങാട്
5. എല്ലാ വകുപ്പ് ഉദ്യോഗസ്ഥർക്കും
6. സ്റ്റോക്ക് ഫയൽ

**// ഉത്തരവിൻ പ്രകാരം//**

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**
**ജില്ലാ ദുരന്തനിവാരണ അതോറിറ്റി**
**& ഡെപ്യൂട്ടി കളക്ടർ (ദുരന്തനിവാരണം)**

**യോഗത്തിൽ പങ്കെടുത്തവർ**

1) ശ്രീ. ബാലചന്ദ്രൻ പി കെ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, മേജർ ഇറിഗേഷൻ
2) ശ്രീമതി .പി.റ്റി. ജീജാഭായ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, KRFB തിരുവനന്തപുരം
3) ശ്രീ. ജ്യോതീന്ദ്രനാഥ് സി എസ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, PWD NH
4) ശ്രീ.സജി എൽ. എസ്., സെക്രട്ടറി വർക്കല മുൻസിപ്പാലിറ്റി
5) ശ്രീമതി. ഷെറി. ജി, സെക്രട്ടറി നെടുമങ്ങാട് മുൻസിപ്പാലിറ്റി
6) ശ്രീ. ബിൻസിലാൽ ജി, ജില്ലാ ഇൻഫർമേഷൻ ഓഫീസർ
7) ശ്രീ. വിശ്വനാഥൻ എസ്, ആറ്റിങ്ങൽ മുൻസിപ്പൽ സെക്രട്ടി
8) ശ്രീ. മണികണ്ഠൻ,നെയ്യാറ്റിൻകര മുൻസിപ്പൽ സെക്രട്ടറി
9) ശ്രീ. രാജേഷ് ഡി, ജില്ലാ പഞ്ചായത്ത് സെക്രട്ടറി
10) ശ്രീ. അജിത് കുമാർ വി എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ PWD റോഡ്സ് സബ്ഡിവിഷൻ ആറ്റിങ്ങൽ
11) ശ്രീമതി. മഞ്ജു വി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇൻലാൻഡ് നാവിഗേഷൻ സബ് ഡിവിഷൻ തിരുവനന്തപുരം
12) ശ്രീമതി. ജ്യോതി മേരി ചാക്കോ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ ഡിവിഷൻ തിരുവനന്തപുരം
13) ശ്രീ. R M തമ്പി, റോഡ് സബ്ഡിവിഷൻ
14) ശ്രീ ഷാൻ എസ് എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മുതലപ്പൊഴി സബ്ഡിവിഷൻ ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്.
15) ശ്രീ. ബിജു ബി, ഹെൽത്ത് സൂപ്പർ വൈസർ, തിരുവനന്തപുരം കോർപ്പറേഷൻ
16) ശ്രീ. ശബരിനാഥ് സി.എൽ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇറിഗേഷൻ സെക്ഷൻ
17) ശ്രീ. ഗോകുലൻ ടി, AE Irrigation
18) ശ്രീമതി ജലജ ജി എസ് റാണി, ജില്ലാ സപ്ലൈ ഓഫീസർ
19) ശ്രീമതി. ബീന സുകുമാർ ഡി.ഡി ഫിഷറീസ്
20) ശ്രീമതി. ദീപറാണി, AEE KRFB
21) ശ്രീ. എം എസ് സുവി, DFO FireForce
22) ശ്രീ. സി ആർ കെ പിള്ള, പ്രോജക്ട് മാനേജർ

23) ശ്രീ. സജീഷ് കുമാർ കെ എസ്, ജി എം കെ ആർ എഫ് ബി

24) ശ്രീ ഗിരീഷ് കുമാർ ജി, മാനേജർ TRDCL

25) ശ്രീ. രാജേഷ് ആർ ആർ AEE, PWD Roads

26) ശ്രീ. സൈമൺ രാജ് റ്റി, AE PWD

27) ശ്രീ. സജിത്ത് ബി റ്റി, AEE PWD Roads

28) ശ്രീ. ജിജോ വി മനോഹർ, AE CRS 3

29) ശ്രീമതി ത്രേസ്യാമ്മാ ആന്റണി, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്